**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379** **19-07-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ജാതി കോളനികളുടെ പുനരുദ്ധാരണത്തിനുള്ള അംബേദ്കർ ഗ്രാമ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയ ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കണ്ടെത്തിയിട്ടുണ്ട് .<br><br>• ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ 216 കോളനികളിൽ 110 എണ്ണവും അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2016-17മുതൽ 2020-21 വരെ ഉൾപ്പെടുത്തിയിരുന്ന ആകെ 450കോളനികളിൽ 98 എണ്ണവും മാത്രമാണ് പൂർത്തീകരിച്ചിരുന്നത്.<br>• ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രണ്ടു തവണകളായി മന്ത്രിതല അവലോകന യോഗങ്ങൾ ചേർന്ന് ഏറ്റെടുത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദേശം നൽകിയതിനെ തുടർന്ന് നാളിതുവരെ ആകെ 182 (84%) സ്വയംപര്യാപ്തഗ്രാമം കോളനികളുടെയും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 281 (62%) കോളനികളുടെയും നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>• ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു .<br>• അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി , പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3/12/2021 ലെ സഉ (കൈ) നം. 54/2021/ പ.ജ.പ.വ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | കണ്ടെത്തിയിട്ടുണ്ട് .<br>• ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ 216 കോളനികളിൽ 110 എണ്ണവും അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2016-17മുതൽ 2020-21 വരെ ഉൾപ്പെടുത്തിയിരുന്ന ആകെ 450കോളനികളിൽ 98 എണ്ണവും മാത്രമാണ് പൂർത്തീകരിച്ചിരുന്നത്.<br>• ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രണ്ടു തവണകളായി മന്ത്രിതല അവലോകന യോഗങ്ങൾ ചേർന്ന് ഏറ്റെടുത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദേശം നൽകിയതിനെ തുടർന്ന് നാളിതുവരെ ആകെ 182 (84%) സ്വയംപര്യാപ്തഗ്രാമം കോളനികളുടെയും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 281 (62%) കോളനികളുടെയും നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>• ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു .<br>• അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി , പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | 3/12/2021 ലെ സഉ (കൈ) നം. 54/2021/ പ.ജ.പ.വ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## I സ്വയം പര്യാപ്തഗ്രാമം പദ്ധതി

| നമ്പർ | വർഷം | ഉൾപ്പെട്ടത്തിയ കോളനികളുടെ എണ്ണം | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് പൂർത്തീകരിച്ചത് | ശതമാനം | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പൂർത്തീകരിച്ചത് | ശതമാനം |
|---|---|---|---|---|---|---|
| 1 | 2012-13 | 114 | 62 | 54% | 98 | 86% |
| 2 | 2013-14 | 102 | 48 | 47% | 84 | 82% |
| **ആകെ** | | **216** | **110** | **51%** | **182** | **84%** |

## II അംബേദ് കർ ഗ്രാമവികസന പദ്ധതി

| നമ്പർ | വർഷം | ഉൾപ്പെട്ടത്തിയ കോളനികളുടെ എണ്ണം | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് പൂർത്തീകരിച്ചത് | ശതമാനം | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പൂർത്തീകരിച്ചത് | ശതമാനം |
|---|---|---|---|---|---|---|
| 1 | 2016-17 | 248 | 91 | 37% | 224 | 90% |
| 2 | 2018-19 | 80 | 5 | 6% | 42 | 53% |
| 3 | 2019-20 | 90 | 2 | 2% | 15 | 17% |
| 4 | 2020-21 | 32 | 0 | 0 | 0 | 0 |
| | Total | 450 | 98 | 22% | 281 | 62% |

**ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുവദിച്ച കോളനികളുടെ എണ്ണം - 202**

**സെക്ഷൻ ഓഫീസർ**